## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 403 — 26.06.2014 -ൽ മറുപടിയ്ക്ക്

### സ്കൂളുകളിലെ മലയാളം, ഇംഗ്ലീഷ് പഠനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.എം.എ.ബേബി<br>ശ്രീ.എസ്. രാജേന്ദ്രൻ<br>ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂളുകളിൽ മലയാളം ഒന്നാം ഭാഷയായി പഠിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) 01.09.2011 -ലെ സ.ഉ(പി) നം.183/2011/പൊ.വി. പ്രകാരം സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളഭാഷാ പഠനം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |
| (ബി) ഈ അദ്ധ്യയന വർഷം പുതുതായി ആരംഭിക്കുന്ന അൺ എയ്ഡഡ് ഉൾപ്പെടെയുള്ള വിദ്യാലയങ്ങളിൽ മലയാള ഭാഷാ പഠനം നിർബന്ധമാക്കിയിട്ടുണ്ടോ ; | (ബി) നിലവിലുള്ള വ്യവസ്ഥയനുസരിച്ച് സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന വേളയിൽ മലയാളം നിർബന്ധമായും ഒന്നാം ഭാഷയായി പഠിപ്പിക്കണമെന്ന സത്യവാങ്മൂലം സ്കൂളധികൃതരിൽ നിന്നും വാങ്ങിയതിനു ശേഷം മാത്രമേ എൻ.ഒ.സി അനുവദിക്കുകയുള്ളൂ. |
| സി) നിലവിൽ പ്രവർത്തിച്ചുവരുന്ന വിദ്യാലയങ്ങളിൽ മലയാള ഭാഷ പഠിപ്പിക്കാത്ത സ്കൂളുകൾ ക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (സി) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന ചില ഐ.സി.എസ്.ഇ, സി.ബി.എസ്.ഇ സ്കൂളുകൾ മലയാള ഭാഷാ പഠനം നടത്തുന്നതിന് വിമുഖത കാട്ടിയിട്ടുണ്ട്. നിലവിലുള്ള നിർദ്ദേശങ്ങൾ പാലിക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. |

(...........2)

(ഡി) സർക്കാർ -എയ്ഡഡ് സ്കൂളുകളിലെ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ നിർത്തലാക്കുന്നതിന് നിർ ദ്ദേശം നൽകിയിട്ടുണ്ടോ; പുതിയ ഡിവിഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച തീരുമാനം എന്തെന്ന് വ്യക്തമാക്കാമോ ;

(ഡി) സർക്കാർ എയ്ഡഡ് സ്കൂളുകളിൽ അനുവദിക്കപ്പെട്ട ഇംഗ്ലീഷ് മീഡിയം പാരലൽ ഡിവിഷനുകൾ നിർത്തലാക്കാൻ നിർ ദ്ദേശം നൽകിയിട്ടില്ല. എന്നാൽ രണ്ടോ അതിലധികമോ ഡിവിഷനുകളുള്ള ക്ലാസുകളിൽ ഇംഗ്ലീഷ് മീഡിയം പാരലൽ ഡിവിഷൻ പുതുതായി ആരംഭിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്.

(ഇ) സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

(ഇ) ഈ വർഷത്തെ എൽ.ഇ.പി. യിൽ (ലേണിംഗ് എൻഹാൻസ്മെന്റ് പ്രോഗ്രാം) യു.പി. വിഭാഗത്തിൽ ഇംഗ്ലീഷ് പഠനത്തിന് ഊന്നൽ നൽകുവാൻ നിർ ദ്ദേശമുണ്ട്. അതിൻ പ്രകാരം ജില്ലകളിൽ ഇംഗ്ലീഷ് പരിഷ്കരിച്ച പാഠ്യപദ്ധതിയെയും പാഠപുസ്തകങ്ങളെയും അടിസ്ഥാനമാക്കി അദ്ധ്യാപക പരിശീലന പരിപാടികൾ നടത്തിയിരുന്നു. ശരിയായ ക്ലാസ്റൂം വിനിമയം നടപ്പാക്കുന്നു എന്ന് ഉറപ്പാക്കുന്നതിലേക്കായി പ്രഥമാധ്യാപകർക്കും പരിശീലനം നൽകിയിട്ടുണ്ട്. ഇപ്രകാരം പരിശീലനം നേടിയിട്ടുള്ള അദ്ധ്യാപകരെ പ്രയോജനപ്പെടുത്തി ഇംഗ്ലീഷ് ഫെസ്റ്റ് മാതൃകയിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**